"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

**സംഗ്രഹം**

വനം വന്യജീവി വകുപ്പ് - ജീവനക്കാര്യം - അച്ചടക്ക നടപടി - കോഴിക്കോട് ഡിവിഷൻ - പെരുവണ്ണാമൂഴി റെയിഞ്ചിൽ പന്നിക്കോട്ടൂർ സെക്ഷനിൽ നിന്നും വ്യാപകമായി കളിര് മരത്തിന്റെ തൊലി ചെത്തി നീക്കം ചെയ്തതുമായി ബന്ധപ്പെട്ട് - ശ്രീ.എൻ.ബിജേഷും മറ്റ് രണ്ടുപേരും ഫയൽ ചെയ്ത OA 2348/2018-ലെ 31.05.2021-ലെ വിധിന്യായം നടപ്പിലാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

വനം വന്യജീവി (എ) വകുപ്പ്

സ.ഉ.(സാധാ) നം.350/2021/വനം തീയതി,തിരുവനന്തപുരം, 06/11/2021

---

പരാമർശം:-

1. 04/03/2011 ലെ 203/എ1/11/വനം നമ്പർ കുറ്റപത്രവും കുറ്റാരോപണ പത്രികയും.
2. 03/08/2013 ലെ സ.ഉ.(സാ.ധാ) നം. 296/13/വനം
3. 13.05.2016-ലെ സ.ഉ.(സാധാ.) നം. 194/16/വനം നമ്പർ ഉത്തരവ് (അനുബന്ധം എ13)
4. 14/07/2016 തീയതിയായി കെ.എ.മുഹമ്മദ് സൈനൽ അബ്ദുദ്ദീൻ, അസിസ്റ്റന്റ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്, 1/8/2016 തീയതിയായി ശ്രീ.എൻ ബിജേഷ്,ഫോറസ്റ്റ് ഗാർഡ്, 2/8/2016 തീയതിയായി ശ്രീ.ജി.എസ്.സജു,ഫോറസ്റ്റ് ഗാർഡ്, 04/08/2016 തീയതിയായി ശ്രീ.വി.പി.സുരേന്ദ്രൻ, ഫോറസ്റ്റ് ഗാർഡ് എന്നിവർ സമർപ്പിച്ച പുനഃപരിശോധനാ ഹർജികൾ.
5. 08.01.2017-ലെ ഭരണ വിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റിന്റെ ബി1-18452/10 നമ്പർ കത്ത്(അനുബന്ധം എ14)
6. 29.04.2017-ലെ സ.ഉ.(സാധാ.) നം. 172/17/വനം (അനുബന്ധം എ15)
7. 08.04.2018-ലെ എ1/29/2018-വനം നമ്പർ സർക്കാർ കത്ത് (അനുബന്ധം എ17)
8. ഹർജിക്കാർ കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ മുമ്പാകെ ഫയൽ ചെയ്ത ഒ.എ. 2348/2018 നമ്പർ കേസിലെ 31.05.2021-ലെ വിധിന്യായം.

**ഉത്തരവ്**

കോഴിക്കോട് ഡിവിഷൻ, പെരുവണ്ണാമൂഴി റെയിഞ്ചിൽ പന്നികോട്ടൂർ സെക്ഷനിൽ നിന്നും വ്യാപകമായി കളിര് മരത്തിന്റെ തൊലി ചെത്തി നീക്കം ചെയ്തതുമായി ബന്ധപ്പെട്ട് അച്ചടക്ക നടപടി തീർപ്പാക്കിയതിന്മേൽ ശ്രീ.എൻ.ബിജേഷും മറ്റ് രണ്ടുപേരും ഫയൽ ചെയ്ത OA 2348/2018-ലെ

31.05.2021-ലെ വിധിന്യായത്തിൽ അനുബന്ധം എ15, എ17 ഉത്തരവുകൾ റദ്ദു ചെയ്യുകയും അനുബന്ധം എ1 3 ഉത്തരവിനെതിരെ സമർപ്പിച്ച റിവ്യൂ ഹർജികൾ പരിഗണിച്ച് പുതിയ ഉത്തരവ് വിധിന്യായം ലഭിച്ച് രണ്ടു മാസത്തിനുള്ളിൽ പുറപ്പെടുവിക്കുന്നതിനും പരാമർശം (8) പ്രകാരം ഉത്തരവായി.

കോഴിക്കോട് ഡിവിഷൻ, പെരുവണ്ണാമൂഴി റെയിഞ്ചിൽ പന്നികോട്ടൂർ സെക്ഷനിൽ നിന്നും വ്യാപകമായി കുളിര് മരത്തിന്റെ തൊലി ചെത്തി നീക്കം ചെയ്തതുമായി ബന്ധപ്പെട്ട് ശ്രീ.കെ.എ.മുഹമ്മദ് സൈനൽ അബ്ദുദ്ദീൻ, അസിസ്റ്റന്റ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് ശ്രീ.എം.പത്മനാഭൻ, ഡെപ്യൂട്ടി റെയിഞ്ചർ, ശ്രീ.വി.ബിജേഷ് കുമാർ, ഫോറസ്റ്റർ, ശ്രീ.പി.ഭാസ്കരൻ, ഫോറസ്റ്റർ, ശ്രീ.വി.പി.സുരേന്ദ്രൻ, ഫോറസ്റ്റ് ഗാർഡ്, ശ്രീ.എൻ.ബിജേഷ്, ഫോറസ്റ്റ് ഗാർഡ്, ശ്രീ.ജി.എസ്.സജ്ജു, ഫോറസ്റ്റ് ഗാർഡ്, ശ്രീ.ജി.ആർ.ശ്രീകാന്ത്, ഫോറസ്റ്റ് ഗാർഡ് എന്നിവർക്കെതിരെ പാരാമർശം(1) പ്രകാരം സർക്കാർ തലത്തിൽ കുറ്റപത്രവും/കുറ്റാരോപണ പത്രികയും നൽകി അച്ചടക്ക നടപടി ആരംഭിക്കുകയും തുടർ നടപടിയുടെ ഭാഗമായി നടത്തിയ ഔപചാരിക അന്വേഷണ കണ്ടെത്തലുകൾ അംഗീകരിച്ച സർവ്വശ്രീ.എം.പത്മനാഭൻ, ഡെപ്യൂട്ടി റെയിഞ്ചർ, വി.ബിജേഷ് കുമാർ, സെക്ഷൻ ഫോറസ്റ്റ് ഓഫീസർ എന്നിവരെ കുറ്റവിമുക്തരാക്കി പരാമർശം(2) പ്രകാരം ഉത്തരവാകുകയും ചെയ്തു.

കുളിർമരത്തിന്റെ തൊലി ചെത്തി നീക്കം ചെയ്തതിൽ നഷ്ടം സംഭവിച്ചിട്ടുണ്ടെന്നത് കണക്കിലെടുത്തും അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റിന്റെ (ഭരണം) റിപ്പോർട്ട് അംഗീകരിച്ചുകൊണ്ടും ശ്രീ.കെ.എ.മുഹമ്മദ് സൈനൽ അബ്ദുദ്ദീൻ, അസിസ്റ്റന്റ് ഫോറസ്റ്റ് കൺസർവേറ്ററിൽ നിന്നും 9,001/-രൂപ ഈടാക്കുന്നതിനും കെ.സി. എസ് & സി.സി.എ റൂൾസ് ചട്ടം 11(VA) പ്രകാരം ടിയാന്റെ ഒരു വാർഷിക വേതന വർദ്ധനവ് സഞ്ചിതഫലപ്രാബല്യത്തോടെ തടയുന്നതിനും ശ്രീ.പി.ഭാസ്കരന്റെ ഡി.സി.ആർ.ജിയിൽ നിന്നും കെ.എസ്.ആർ.ഭാഗം മൂന്നിലെ ചട്ടം 3 പ്രകാരം 18,002/-രൂപ ഈടാക്കുന്നതിനും ടിയാന്റെ പ്രതിമാസ പെൻഷനിൽ നിന്നും 200/-രൂപ 2 വർഷത്തേക്ക് കെ.എസ്.ആർ.ഭാഗം മൂന്നിലെ ചട്ടം 3 പ്രകാരം കുറവു ചെയ്യുന്നതിനും സർവ്വശ്രീ.വി.പി.സുരേന്ദ്രൻ, സെക്ഷൻ ഫോറസ്റ്റ് ഓഫീസർ, എൻ.ബിജേഷ്, ബീറ്റ് ഫോറസ്റ്റ് ഓഫീസർ, ജി.എസ്.സജ്ജു, ബീറ്റ് ഫോറസ്റ്റ് ഓഫീസർ, ജി.ആർ.ശ്രീകാന്ത്, ബീറ്റ് ഫോറസ്റ്റ് ഓഫീസർ എന്നിവരിൽ നിന്നും 27,003/-രൂപ വീതം ഈടാക്കുന്നതിനും ടിയാന്മാരുടെ രണ്ട് വാർഷിക വേതന വർദ്ധനവ സഞ്ചിതഫലപ്രാബല്യത്തോടെ തടയുന്നതിനും പരാമർശം (3) പ്രകാരം ഉത്തരവായി, അപ്രകാരം അച്ചടക്ക നടപടി തീർപ്പാക്കി.

മേൽ ഉത്തരവിനെതിരെ സർവ്വശ്രീ കെ.എ.മുഹമ്മദ് സൈനൽ അബ്ദുദ്ദീൻ, അസിസ്റ്റന്റ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്, വി.പി.സുരേന്ദ്രൻ, ഫോറസ്റ്റ് ഗാർഡ്, എൻ.ബിജേഷ്, ഫോറസ്റ്റ് ഗാർഡ്, ജി.എസ്.സജ്ജു, ഫോറസ്റ്റ് ഗാർഡ് എന്നിവർ സമർപ്പിച്ച പരാമർശം(4) പുനഃപരിശോധനാ ഹർജികൾ പരിഗണിച്ച് ഹർജിക്കാരെ നേരിൽ കേൾക്കുകയും നേരിൽ കേട്ട സമയത്ത് ടിയാന്മാർ ഉൾപ്പെടെയുള്ളവർ ഉന്നയിച്ച വാദമുഖങ്ങൾ വിശദമായി പരിശോധിക്കുകയും പ്രസ്തുത വിഷയത്തിൽ പുനഃപരിശോധന ആവശ്യമായ ഒരു വസ്തുതകളും നിലനിൽക്കുന്നില്ലെന്ന് കണ്ടെത്തിയതിനെത്തുടർന്ന് പുനഃപരിശോധനാ ഹർജികൾ പരാമർശം (6) പ്രകാരം നിരസിച്ചുകൊണ്ട് ഉത്തരവാകുകയും ചെയ്തു.

തുടർന്ന് ശ്രീ.ജി.എസ്.സജ്ജു, ശ്രീ.എൻ.ബിജേഷ്, ശ്രീ.വി.പി.സുരേന്ദ്രൻ എന്നിവർ സമർപ്പിച്ച ദയാഹർജിയും പരാമർശം (7) പ്രകാരം നിരസിച്ചിരുന്നു.

മേൽ ഉത്തരവുകൾക്കെതിരെ ശ്രീ.എൻ.ബിജേഷും മറ്റ് രണ്ടുപേരും ഫയൽ ചെയ്ത

OA.2348/18 നമ്പർ കേസിലെ പരാമർശം (8) പ്രകാരമുള്ള വിധിന്യായത്തിൽ പരാമർശം (3)-ലെ സർക്കാർ ഉത്തരവിനെതിരെ ടി ഉദ്യോഗസ്ഥർ സമർപ്പിച്ച പുനഃപരിശോധന ഹർജികളിൽ ഉന്നയിച്ചിട്ടുള്ള വാദങ്ങളും അതിന്മേൽ ഭരണ വിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് പരാമർശം (5) പ്രകാരം ലഭ്യമാക്കിയ അഭിപ്രായവും പരിഗണിച്ച പുതുക്കിയ ഉത്തരവ് പരാമർശം(8)-ലെ വിധിന്യായം ലഭിച്ച് രണ്ടുമാസത്തിനുള്ളിൽ പുറപ്പെടുവിക്കുന്നതിന് ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ ഉത്തരവായി.

കേരള പബ്ലിക് സർവ്വീസ് കമ്മീഷന്റെ ഉപദേശം ഉൾപ്പെടെയുള്ള നടപടി ക്രമങ്ങൾ പാലിച്ചുകൊണ്ടാണ് ഹർജിക്കാർക്കെതിരെയുള്ള അച്ചടക്ക നടപടി പരാമർശം (3) പ്രകാരം തീർപ്പാക്കിയിട്ടുള്ളത്. തുടർന്ന് പുനഃപരിശോധനാ ഹർജി പരിഗണിച്ച് ഹർജിക്കാരെ വനം വകുപ്പ അഡീഷണൽ സെക്രട്ടറി നേരിൽ കേൾക്കുകയും ടി സമയത്ത് കുറ്റകൃത്യം നടന്ന എന്ന കാര്യം കുറ്റാരോപിതർ സമ്മതിച്ചിട്ടുമുള്ളതാണ്. സർക്കാർ നഷ്ടം സംബന്ധിച്ച് അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് (ഭരണം) ന്റെ റിപ്പോർട്ടും വകുപ്പിൽ ലഭ്യമായ മറ്റ് രേഖകളും പരിശോധിച്ചതിനു ശേഷം സർക്കാരിന് നഷ്ടം സംഭവിച്ചിട്ടുണ്ട് എന്ന് വ്യക്തമായതിനാലും പുനഃപരിശോധനയുടെ ഒരു വസ്തുതയും നിലനിൽക്കാത്തതിനാലുമാണ് പുനഃപരിശോധനാ ഹർജികൾ നിരസിച്ച് ഉത്തരവായിട്ടുള്ളത്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ഹർജിക്കാർ സമർപ്പിച്ച പുനഃപരിശോധനാ ഹർജികളിൽ പരിഗണിക്കപ്പെടേണ്ട പുതിയ വാദങ്ങളോ വസ്തുതകളോ ഒന്നും തന്നെ ഉന്നയിച്ചിട്ടില്ലാത്തതിനാൽ പരാമർശം (4) പ്രകാരം സമർപ്പിച്ച പുനപരിശോധനാ ഹർജികൾ നിരസിച്ചും അപ്രകാരം കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ പരാമർശ (8) വിധിന്യായം നടപ്പിലാക്കിയും ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ബിന്ദു തങ്കച്ചി.എം.കെ
അഡിഷണൽ സെക്രട്ടറി

പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് &

ഹെഡ് ഓഫ് ഫോറസ്റ്റ് ഫോഴ്സ്

ഭരണ വിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ്

കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്

അഡ്വക്കേറ്റ് ജനറൽ, തിരുവനന്തപുരം.(ആമുഖ കത്ത് സഹിതം

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ) കേരള, തിരുവനന്തപുരം

ശ്രീ.വി.പി.സുരേന്ദ്രൻ, സെക്ഷൻ ഫോറസ്റ്റ് ഓഫീസർ

**File No.FWLD-A1/78/2021-FWLD**

ശ്രീ.എൻ.ബിജേഷ്, ബീറ്റ് ഫോറസ്റ്റ് ഓഫീസർ

ശ്രീ.ജി.എസ്.സജു, ബീറ്റ് ഫോറസ്റ്റ് ഓഫീസർ

(ഭരണ വിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ്

കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് മുഖേന)

✓പൊതുജന വിവര സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്

വനം വന്യജീവി (പി.എസ്.) വകുപ്പ്

സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by Shaji A M
Date: 06-11-2021 14:24:08
Reason: Approved

സെക്ഷൻ ഓഫീസർ